## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4457** **25.06.2019 -ൽ മറുപടിയ്ക്ക്**

### വിദ്യാലയങ്ങളിൽ യൂണിഫോം വിതരണം

| ചോദ്യം | | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | സർക്കാർ നേരിട്ട് യൂണിഫോം വിതരണം ചെയ്യുന്നത് ഏതെല്ലാം വിഭാഗം വിദ്യാലയങ്ങൾക്കാണെന്നും ഇത് ലഭ്യമാക്കുന്ന ഏജൻസികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | എ) | സർക്കാർ മേഖലയിൽ 1-4, 1-5, 1-7, 5-7 എന്നിങ്ങനെയു എയ്ഡഡ് മേഖലയിൽ 1-4 എന്നിങ്ങനെയും സ്വതന്ത്രമായി പ്രവർത്തിക്കുന്ന എൽ.പി., യു.പി. സ്കൂളുകളിലാണ് സർക്കാർ നേരിട്ട് യൂണിഫോം (കൈത്തറി) വിതരണം ചെയ്യുന്നത്. കൈത്തറി വകുപ്പ് തയ്യാറാക്കുന്ന കൈത്തറി തുണി കൈത്തറി വകുപ്പിന്റെ കീഴിലുള്ള ഹാൻടെക്സ്, ഹാൻവീവ് എന്നീ ഏജൻസികളാണ് സ്കൂളുകളിൽ വിതരണം ചെയ്യുന്നത്. |
| ബി) | പ്രസ്തുത വിദ്യാലയങ്ങൾക്ക് 2019-20 വർഷത്തേക്ക് ആവശ്യമായ യൂണിഫോം പൂർണ്ണമായും എത്തിച്ചു കഴിഞ്ഞിട്ടുണ്ടോ; | ബി) | ഇല്ല. 2018-19 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം കണക്കാക്കിയാണ് ഈ അദ്ധ്യയന വർഷം തുണി വിതരണം ചെയ്തത്. കുട്ടികൾ വർദ്ധിച്ച സ്കൂളുകളിൽ ആവശ്യമായ തുണി കൂടി വിതരണംചെയ്യേണ്ടതായിട്ടുണ്ട്. |
| സി) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാലയങ്ങൾക്കാണ് യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നതിന് തുക നേരിട്ട് സ്കൂളുകൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | സി) | കൈത്തറി യൂണിഫോം വിതരണം ചെയ്യാത്ത സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ തുകയാണ് പണമായി വിതരണം ചെയ്തു വരുന്നത്. |
| ഡി) | ഇത്തരത്തിൽ വാങ്ങുന്ന യൂണിഫോമിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വിശദീകരിക്കുമോ? | ഡി) | യൂണിഫോം തുക പണമായി വിതരണം ചെയ്യുന്ന സ്കൂളുകളിൽ രക്ഷിതാക്കൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്ന തുണിക്ക് ഗുണനിലവാരം ഉറപ്പ് വരുത്താൻ വിദ്യാഭ്യാസ വകുപ്പിന് സാധിക്കുന്നതല്ല. കുട്ടികൾക്ക് അനുവദിക്കുന്ന തുക ഉപയോഗിച്ച് യൂണിഫോം തുണി വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുന്ന സ്കൂളുകൾ ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ